**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ നഴ്സിംഗ് (പി.ജി നഴ്സിംഗ്) കോഴ്സിലേക്കുള്ള പ്രവേശനം-2022 ഒഴിവു വന്ന സീറ്റുകൾ നികത്തുന്നത് സംബന്ധിച്ച്

2022-23 അധ്യയന വർഷത്തിലെ എം.എസ്.സി നഴ്സിംഗ് കോഴ്സ് പ്രവേശനത്തിനുള്ള മോപ് അപ് അലോട്ട്മെന്റിനു ശേഷം വിവിധ സർക്കാർ നഴ്സിംഗ് കോളേജുകളിൽ നിലവിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനു മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ 30.11. 2022 ന രാവിലെ 10.30 ന മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഡി .എം.ഇ അധികൃതർ www.dme.kerala.gov.in ൽ എന്ന വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. സ്വാശ്രയ കോളേജുകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് അതതു കോളേജ് പ്രിൻസിപ്പൽമാർ / മേധാവികൾ പ്രവേശന നടപടികൾ സ്വീകരിക്കുന്നതാണ്.

വിവിധ സർക്കാർ/സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽനിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടിക്രമങ്ങളിൽ പ്രവേശന പരീക്ഷ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർഥികൾക്ക് പങ്കെടുക്കാവുന്നതാണ് . താത്പര്യമുള്ള യോഗ്യരായ വിദ്യാർഥികൾ ആവശ്യമായ രേഖകൾ സഹിതം ഹാജരായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/അതതു കോളേജ് പ്രിൻസിപ്പൽമാർ എന്നിവരുടെ നിർദേശാനുസരണം പ്രവേശനം നേടേണ്ടതാണ്. 28.11.2022 3.00 PM ന ശേഷമുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ പ്രവേശന പരീക്ഷ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
28.11.2022

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.11.28 20:35:16 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**